(*b*) when the work of this bridge was first started; and
(*c*) the stage at which it now stands?

Chief Minister (Sri. C. Kesavan) : (*a*) Yes.
(*b*) The work was started in February 1948.
(*c*) Pile driving has been completed. The remaining works have been given on contract for early completion.

ശ്രീ. പാഠം തളിയത്തു് : ഈ കാൺട്രാക്കു് എന്നാണു് കൊടുത്തതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ : അതിനു നോട്ടിസു വേണം.

ശ്രീ. പാഠം തളിയത്തു് : ഈ വർഷത്തിൽ ഈ പാലത്തിന്റെ പണി പൂർത്തിയാകുമോ?

ശ്രീ. സി. കേശവൻ : കാൺട്രാക്കു് കൊടുത്തിരിക്കുന്ന സ്ഥിതിക്കു് പണി പൂർത്തിയാകുമെന്നാണു പ്രതീക്ഷിക്കുന്നതു്.

TEXTILE STOCK

*595. [24] **Sri. Paul Thaliat** : Will the Hon'ble Minister for Education Civil Supplies and Labour be pleased to state :—

(*a*) whether the Government have freezed at any time in 1950 the entire textile stock in the State ;
(*b*) if the answer to (*a*) is in the affirmative the reason for such order; and
(*c*) the dates on which the freezing was passed and revoked respectively ?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai)**: No freezing was ever ordered. But with a view to ascertain the stock of textiles with the importers, a stock verification was conducted.

(*b*) & (*c*) Do not arise.

ശ്രീ. പാഠം തളിയത്തു് : ഫ്രീസ് ചെയ്യാതെ എങ്ങിനെയാണു് സ്റ്റാക്കു വെരിഫിക്കേഷൻ നടത്തിയതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അന്നു സ്റ്റാക്കു ഫ്രീസു ചെയ്യാതെയാണു വെരിഫിക്കേഷൻ നടത്തിയതു്.

Sri. A. Chidambaranatha Nadar : May I know whether the Government have issued instructions to the Textile Inspector, Trivandrum, to freeze the stock in Trivandrum ?

Sri. T. K. Narayana Pillai : No such orders have been issued.

ശ്രീ. പാഠം തളിയത്തു് : അന്നു സ്റ്റാക്കു ഫ്രീസു ചെയ്യാതിരുന്നതിനു പ്രത്യേകമായി വല്ല കാരണങ്ങളും ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള . മതിയായ കാരണങ്ങൾ ഉണ്ടായിരുന്നിരിക്കണം.

പാലം

*൯൯൩. (൨൭) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തുനാടു താലൂക്കിൽ കോതകുളങ്ങര പകുതിയിൽ ഒരു പാലം വേണമെന്നു കാണിച്ചു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രകാലമായി?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. കേശവൻ): ഉണ്ട്. രണ്ട കൊല്ലത്തിൽ കൂടുതലായി.

ശ്രീ. എ. വി. ജോസഫ്: ആ പാലം എവിടെ പണിയണമെന്നാണ അപേക്ഷിച്ചിരിക്കുന്നത്?

ശ്രീ. സി. കേശവൻ. അപേക്ഷയിൽ പറഞ്ഞിരിക്കുന്നത് കോതകുളങ്ങര പകുതിയിൽ ഒരു പാലം പണിയിക്കണമെന്നാണ്.

ശ്രീ. എ. വി. ജോസഫ്: ആ അപേക്ഷ കിട്ടി രണ്ട കൊല്ലക്കാലമായിട്ട് ഇതുവരെ എതെല്ലാം നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. സി. കേശവൻ: നടപടികളും ഒന്നും എടുത്തിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: അങ്ങിനെ നടപടികളും സ്വീകരിക്കാതിരിക്കുന്നതിന കാരണങ്ങളും വല്ലതും ഉണ്ടോ?

ശ്രീ. സി. കേശവൻ: ആ പാലം പണിയുന്നതിന ഉദ്ദേശം രണ്ടുലക്ഷം രൂപാ ചെലവുണ്ട്. തൽക്കാല പരിതസ്ഥിതികളും അതിന പറ്റിയതുമല്ല.

എം. എൽ. എ. മാർക്ക് സൗജന്യം

* 8൯൭. (ചന്ദ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ ഗവൺമെൻറിന്റെ കീഴിലുള്ള ട്രാൻസ്പോർട്ട് ബസ്സുകളിലും തീവണ്ടികളിലും ഈ സംസ്ഥാനത്തെ എം. എൽ. എ. മാർക്ക് ഫ്രീയായി സഞ്ചരിക്കുവാൻ വേണ്ടത ചെയ്യണമെന്ന് ഗവൺമെൻറിലേക്ക വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന എന്ത നടപടി നടത്തി?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള);

(എ) ഇല്ല. ഈ ഗവൺമെൻറിൽനിന്നും ടെയിൻ സർവ്വീസ് യാതൊന്നും നടത്തുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: ഈ എം. എൽ. എ. മാർ ഗവൺമെൻറാവശ്യത്തിന വേണ്ടി വരുമ്പോൾ അവർക്ക് യാത്രച്ചെലവും ബത്തയും മറ്റും കൊടുക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: യാത്രച്ചെലവും മറ്റും ഇയ്യു അവർകളും തന്നെ വാങ്ങിക്കുന്നുണ്ടല്ലോ.

ശ്രീ. എ. சிதம்பரநாத நாடார்: ஐ. ஜி. ஆப்பீசில் எம். எல். எக்கள் கூடுகிறார்கள். அவர்களது தொந்தரவு அதிகம் என்று பேப்பரில் வந்திருப்பதை இந்த சபையில் கொண்டுவரப்பட்டது. அப்படி எம். எல். எக்களின் தொந்தரவுகள் இருந்தால் அதைத் தடுக்க கவர்மென்று ஏதாவது நடவடிக்கை எடுக்குமா?

Mr. Speaker: That question is disallowed.

ശ്രീ. എം. ഐ. പാപ്പ: അങ്ങിനെ അപേക്ഷകളും വന്നാൽ അവ ഗവൺമെൻറ നിഷേധിക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അപേക്ഷകളും വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly